ഹരിപ്പാട് താലൂക്ക് ആശുപത്രി

34 (4905) ശ്രീ. ബി. ബാബു പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡറിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന അനസ്തേഷ്യസ്റ്റിനെ സ്ഥലം മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പകരം അനസ്തേഷ്യസ്റ്റ് ഇല്ലാത്തതിനാൽ ശസ്ത്രക്രിയകൾ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ അനസ്തേഷ്യസ്റ്റിനെ എന്ന് നിയമിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ താൽക്കാലികമായി പരിഹരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

പനങ്ങാട് പി.എച്ച്.സി.യിൽ നിയമിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാരുടെ സേവനം

35 (4906) ശ്രീ. സി. എം. ദിനേശ് മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനങ്ങോട് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടറെ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ആശുപത്രികളിൽ സേവനത്തിനായി അയയ്ക്കുന്നതുമൂലം ഇവിടത്തെ രോഗികൾ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പനങ്ങാട് പി.എച്ച്.സി.യിൽ നിയമിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാരുടെ സേവനം ഇവിടെ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) രോഗികൾക്ക് അസൗകര്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly